LIBRARY ARCHIVES Kerala Legislative Assembly

പട്ടുവം - ക്കുത്താട്ട് കുന്നിടിയലിന് പരിഹാരം

297 (907) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ ക്കുത്താട്ട് എന്ന സ്ഥലത്ത് കുന്നിടിഞ്ഞ് വീടുകൾക്ക് ഭീഷണിയാവുന്നതും പട്ടികജാതി കോളനിയുൾപ്പെടുന്ന പ്രദേശത്ത് ഉദ്ദേശം 50 മീറ്റർ നീളത്തിൽ ഭൂമിയിൽ വിള്ളൽ രൂപപ്പെട്ടതും കണക്കിലെടുത്ത് ശാസ്ത്രീയ പഠനം നടത്തി ശാശ്വതപരിഹാരം കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിലെ പട്ടുവം പഞ്ചായത്തിലെ മണ്ണിടിച്ചിൽ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ജില്ലയിലെ സാങ്കേതിക പ്രതിനിധിയായ ഹസാർഡ് അനലിസ്റ്റിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 8-7-2021-ന് പഠനം നടത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നാഷണൽ സെന്റർ ഫോർ എർത്ത് സ്റ്റഡീസും ഇതുമായി ബന്ധപ്പെട്ട് പ്രത്യേകം പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് ദുരന്ത നിവാരണ കമ്മീഷണർ പരിശോധിച്ചുവരികയാണ്. ഈ രണ്ട് പഠന റിപ്പോർട്ടുകളും സംബന്ധിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽനിന്ന് സർക്കാരിന് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പ്രശ്നപരിഹാരത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ശക്തമായ മഴയുണ്ടാകാനിടയുള്ള സാഹചര്യത്തിൽ ഓറഞ്ച് ബുക്കിൽ (Orange Book) പ്രതിപാദിച്ചിട്ടുള്ള നടപടികൾ ഈ പ്രദേശത്തുള്ള കുടുംബങ്ങളുടെ കാര്യത്തിൽ സ്വീകരിക്കുന്നതിന് ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കാലവർഷക്കെടുതിമൂലം തകർന്ന റോഡുകളുടെ അടിയന്തര പുനരുദ്ധാരണം

298 (908) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി മുതൽ 2021 മാർച്ച് വരെയുള്ള കാലയളവിൽ മലമ്പുഴ നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്ക് കാലവർഷക്കെടുതിമൂലം തകർന്ന റോഡുകളുടെ അടിയന്തര പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇതിന്റെ ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

സംസ്ഥാന ദുരന്ത പ്രതികരണനിധി വിനിയോഗിച്ചുകൊണ്ട് നടപ്പാക്കുന്ന ഏതെങ്കിലും പ്രവൃത്തികൾക്കായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതി നൽകുകയോ ഫണ്ട് അനുവദിക്കുകയോ ചെയ്യാറില്ല.